
അതിജീവനത്തിന്റെ വാതിലുകൾ ഓരോന്നായി അടഞ്ഞുകൊണ്ടിരിക്കുന്ന മരണനിമിഷങ്ങളിലകപ്പെട്ട ഭൂമിക്ക് ഗാന്ധിജി രചിച്ച ഹിന്ദ് സ്വരാജ് അതിജീവനത്തിനുള്ള കൈച്ചൂണ്ടിയാണെന്ന് നിരീക്ഷിക്കുന്ന കെ. അരവിന്ദാക്ഷന്റെ ഹിന്ദ് സ്വരാജ് അതിജീവനത്തിന് ഒരു കൈച്ചൂണ്ടി എന്ന പുസ്തകത്തിന് സി.പി. ഗംഗാധരൻ എഴുതിയ ആമുഖം. ഉപഭോഗ തിരസ്കാരം വഴിയുള്ള സ്ഥാപന ബഹിഷ്കരണവും സ്വാശ്രിതപ്രവർത്തന വ്യാപനം മുഖേനയുള്ള സാംസ്കാരികമായ വീണ്ടെടുപ്പുമാണ് സ്വരാജിലേക്കുള്ള ഗാന്ധിമാർഗ്ഗമെന്ന് നിരീക്ഷിക്കുന്നു ഗംഗാധരൻമാഷ്.

# അധികാരകാമങ്ങളുടെ അസ്തമയം

സി.പി. ഗംഗാധരൻ

**അധികാരവും കാമവും രണ്ടല്ല.** അവരുടെ മൂലം ഒന്ന്: ആസക്തി. ആസക്തികളിൽനിന്നുള്ള വിടുതിയാണ് സ്വാതന്ത്ര്യം. ഈ സ്വാതന്ത്ര്യം തന്നെ സ്വരാജ്. സ്വയം നിയന്ത്രണമാണത്. തനിക്കകത്തും പുറത്തും വ്യക്തി നേടുന്ന പൂർണ്ണനിയന്ത്രണം. ആസക്തികളിൽനിന്ന് വ്യക്തി സ്വയം വിടുതി നേടണം. തനിക്കുവേണ്ടി അന്യനൊരാൾക്ക് അത് ചെയ്യാൻ കഴിയില്ല. സ്വരാജ് വ്യക്തിയുടെ ഉള്ളം കൈയിൽതന്നെയെന്ന ഗാന്ധിവചനത്തിന്റെ പൊരുളിതാണ്.

സ്വരാജ് നേടുന്നവർ അമിതമായ ഭൗതികഭോഗങ്ങളിൽനിന്ന് വിട്ടുനിൽക്കുന്നു. ജീവിതം നിലനിർത്താൻ വേണ്ടുമാത്രമേ അവനെടുക്കുന്നുള്ളു. പോകുമ്പോൾ തിരിച്ചേല്പിക്കാവുന്നതുമാത്രം. അസ്തിത്വത്തിന്റെ ആവർത്തിത ചക്രഭ്രമണത്തിൽ ഈ എടുപ്പും കൊടുപ്പും വ്യത്യാസമുണ്ടാക്കുന്നില്ല. പുറപ്പാടിടത്തിൽതന്നെ അതു തിരിച്ചെത്തുന്നു. ജനിമൃതിക്കിടയിൽ ശൂന്യസ്ഥലികൾ അതവശേഷിപ്പിക്കുന്നില്ല. അല്ലെങ്കിൽ തുടക്കവുമില്ല ഒടുക്കവുമില്ല. ഉള്ളത് ചലനം മാത്രം. പരമാണുതലത്തിലെന്ന പോലെ അനാദ്യന്തപ്രപഞ്ചത്തിലും നിറയുന്ന മഹാസ്പന്ദനം. സമസ്ത ചരാചരങ്ങളിലും അതിന്റെ പ്രതിസ്പന്ദനമുണ്ട്. പ്രകൃതിയുടെ അമേയമായ സർഗപ്രഭാവവും നക്ഷത്രരാശി,കളെ നിയന്ത്രിതമാർഗങ്ങളിൽ ചരിപ്പിക്കുന്ന മഹാസ്വാതന്ത്ര്യവുമാണത്. ആസക്തികളുടെ സമ്പൂർണനിരാകരണം വഴി പ്രപഞ്ചസത്തായ ഈ സ്വാതന്ത്ര്യത്തോട് താദാത്മ്യപ്പെടാൻ വ്യക്തിക്കു കഴിയും. സ്വരാജിന്റെ ആത്മീയമായ ഉന്നതി ഇവിടെയാകുന്നു.




ശാസ്ത്രവും സാങ്കേതികതന്ത്രങ്ങളും ആധിപത്യവും സംഹാരവുമാകുന്നത് അവ യൂറോപ്പിൽ സ്റ്റേറ്റിന്റെ കസ്റ്റഡിയിലാകുന്നതോടെയാണ്. ഗാന്ധി വൻവിപത്തായിക്കണ്ട പാശ്ചാത്യ പരിഷ്കാരത്തിന്റെ തുടക്കവും അവിടെ തൊട്ടുതന്നെ പുരോഗമിച്ചു പുരോഗമിച്ചു എവിടെയാണെത്തിയതെന്ന് നമുക്കിന്നറിയാം. ഉപഭോഗധൂർത്തുകൾക്കായി ആവശ്യങ്ങളെ അനന്തമായി പെരുപ്പിച്ച് നിലനില്പിന്നാധാരവും പകരം വയ്പ് അസാധ്യവുമായ വിഭവങ്ങൾ ആർത്തിയുടെ പെരും ചൂളകളിൽ ഹോമിച്ചൊടുക്കുന്നു. ഈ പരിപാടിക്കു നൽകിയിരിക്കുന്ന പുതിയ പേര് വികസനമെന്നാണ്. ശാസ്ത്രസാങ്കേതിക തന്ത്രങ്ങൾ ഒരടി മുന്നേറുമ്പോൾ വികസനത്തിന്റെ അനുഗ്രഹവൃത്തം പത്തടി ചുരുങ്ങുന്നു. ബഹിഷ്കൃതവർഗങ്ങളുടെ നിരന്തരമായ നിർമിതിയും നിർമാർജനവു

മാണ് വികസനത്തിന്റെ മുഖമുദ്ര. പഞ്ചഭൂതങ്ങളിലും നിറയുന്ന വിഷമാലിന്യകങ്ങൾ ഭൂമുഖം വികൃതമാക്കിയിരിക്കുന്നു. മാനവസമൂഹങ്ങൾ എത്തിനിൽക്കുന്നത് ഭയാനകമായൊരു പാരിസ്ഥിതിക ദുരന്തത്തിന്റെ വക്കിലാണ്. വരാനിരുന്ന ഈ വൻ വിപത്ത് മുൻകൂട്ടിക്കണ്ട ഗാന്ധിയുടെ ക്രാന്തദർശനത്തിന്റെ സാക്ഷ്യപത്രവും പൊന്മുട്ടയിടുന്ന താറാവിനെ കൊല്ലരുതേ എന്ന നിലവിളിയുമാണ് 'ഹിന്ദ്സ്വരാജ്'.

എന്നാൽ ഗാന്ധി സംഗതികൾ അവതരിപ്പിക്കുന്നത് ഒരു സാംസ്കാരിക പ്രതിസന്ധി എന്ന നിലയിലാണ്. ഇന്ത്യയമർന്നത്. ബ്രിട്ടന്റെ കാല്ക്കീഴിലല്ലെന്നും പാശ്ചാത്യപരിഷ്കാരത്തിന്റെ കീഴിലാണെന്നും ഗാന്ധി ഉറപ്പിച്ചു പറയുന്നു. പണത്തിന്റെയും പണംകൊണ്ടു നേടാവുന്ന സുഖഭോഗങ്ങളുടെയും പ്രലോഭനത്താൽ ഇന്ത്യ സ്വയം വരിച്ചതാണ അടിമത്തം. സാമ്രാജ്യത്വതന്ത്രങ്ങൾ എത്ര നിപുണമായാണ് ഇന്ത്യയിലെ പരമ്പരാഗത സംസ്കാരങ്ങഴളെ കടപുഴക്കിയതെന്ന് ഗാന്ധി തിരിച്ചറിയുന്നു. പാർലമെന്റ് ജനങ്ങളുടെ അധികാരത്തെ സ്റ്റേറ്റിന്റെ പരമാധികാരമായി തരം മാറ്റി അതോടെ ജനങ്ങൾക്കു നഷ്ടമായത് നിർമിക്കാനുള്ള അവരുടെ അധികാരമാണ്. അതുവരെ ജനങ്ങളാണ് അവർക്കു വേണ്ട ഭക്ഷണവും പാർപ്പിടവും വസ്ത്രവും ഉണ്ടാ.ക്കിയിരുന്നത്. ജനാധികാരത്തിന്റെ നിർമിതിയാണ് സംസ്കാരം. സംസ്കാരനിർമിതിക്കു കരുത്തു നൽകിയത് നാട്ടറിവുകളാണ്. ഓരോ ദേശത്തിന്റെയും ജനസമൂഹത്തിന്റെയും അനുഭവജ്ഞാനവും സർഗ ശേഷിയും ഇണചേർന്നിട്ടാണ് നാട്ടറിവുകളുടെ പിറവി. അതിസമ്പന്നമായ നാട്ടറിവുകളുടെ കലവറയായിരുന്നു ഇന്ത്യ. സ്കൂൾ നാട്ടറിവുകളെ അശാസ്ത്രീയമായ അവിദ്യയായി തരം താഴ്ത്തി. പിന്നാലെ നിർമാണത്തിന്റെ അധികാരികളായി സ്കൂളിൽ നിന്ന് ശാസ്ത്രീയമായ വിദ്യ നേടിയ പുതിയ അധിപന്മാരുടെ അരങ്ങേറ്റമായി. സ്ഥാപനങ്ങളുടെ നടത്തിപ്പുക്കാരായ യജമാനന്മാരുടെ കീഴിലുള്ള രണ്ടാംകിട യജമാന്മാരായി അവർ ഇന്ത്യ ഭരിച്ചു. കടൽ കടന്നെത്തിയ ഒരു പിടി വെള്ളക്കാർക്ക് ഇന്ത്യയെന്ന മഹാരാജ്യം ഭരിക്കാനായത് ഇങ്ങനെയാണ് ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തെ തല്ലിച്ചതച്ചും വെടിവച്ചും തുലയ്ക്കാൻ നോക്കിയയതും ഈ മർദ്ധനപരിപാടിക്ക് നൈതികമായ അംഗീകാരം നൽകിയതും ഇന്ത്യക്കാർ തന്നെ ഇന്ത്യക്കെതിരായ വക്കീലന്മാരെല്ലാം കോടതികൾ ബഹിഷ്കരിച്ചാൽ അന്നുതന്നെ നിലംപൊത്തും ബ്രിട്ടീഷ്രാജെന്നു ഗാന്ധി പറഞ്ഞു. സ്ഥാപനബഹിഷ്കരണം ഗാന്ധിയുടെ പ്രധാന സമരതന്ത്രമായതിന്റെ പശ്ചാത്തലമിതാണ്. ഇന്ത്യക്കാർ അടിമകളായത് സ്ഥാപന നിർമിതികളുടെ ഉപഭോക്താക്കളെന്ന നിലയിലാണ്. ഇന്ത്യക്കാർ അടിമകളായത് സ്ഥാപനനിർമിതികളുടെ ഉപഭോക്താക്കളെന്ന നിലയിലാണ്. ഉപഭോഗം ആസക്തി വളർത്തും. ആസക്തി സമൂഹത്തിൽ സംഘർഷവും അസമത്വും ഹിംസയും പെരുപ്പിക്കും. മാത്രമല്ല അത് ജനങ്ങളുടെ പ്രതികരശേഷിയും സഹജപ്രഭാവങ്ങളും തീരെകെടുത്തി അവരെ ആത്മീയമായി തളർത്തതും. ഉപഭോഗ തിരസ്കാരമാണ് പരിഹാരം.

ഉപഭോഗതിരസ്കാരം വഴിയുള്ള സ്ഥാപന ബഹിഷ്കരണവും (നിസ്സഹരണം) സ്വാശ്രിതപ്രവർത്തന വ്യാപനം (ഖാദിപ്രസ്ഥാനം) മുഖേനയുള്ള സാംസ്കാരികമായ വീണ്ടെടുപ്പുമാണ് സ്വരാജിലേയ്ക്കുള്ള ഗാന്ധി മാർഗം.

ബുദ്ധനും ക്രിസ്തുവിനും നബിക്കുംശേഷം ലോകം കണ്ട ഏറ്റവും വമ്പിച്ച സാസ്കാരിക പ്രസ്ഥാനമാണ് ഗാന്ധിയുടെ കർമകാണ്ഡം. ഇന്ത്യയിലെ തത്കാല സാഹചര്യത്തിൽ രാഷ്ട്രീയപ്രസ്ഥാനമെന്ന നിലയിൽ അത് തെറ്റിദ്ധരിപ്പിക്കപ്പെടുകയായിരുന്നു. അധികാരക്കൈമാറ്റവേളയിൽ ഗാന്ധിയുടെ അസാന്നിദ്ധ്യം ശ്രദ്ധേയമായിരുന്നല്ലോ. അധികാരപ്രയോഗത്തിലൂടെ നവമാനവസമൂഹശില്പം രൂപപ്പെടുത്താമെന്ന് ഗാന്ധി ഒട്ടും വിചാരിച്ചില്ല. ആധുനിക ശാസ്ത്ര സാങ്കേതിക തന്ത്രം അതിന്റെ കൗമാരഘട്ടം പിന്നിടുന്ന ഇരുപതാം നൂറ്റാണ്ടിന്റെ പ്രഭാതമുഹൂർത്തത്തിലാണ് ഗാന്ധിദർശനത്തിന്റെ പിറവിയെന്നത് ചരിത്രപരമായ ആകസ്മികതയല്ല.


## പുതിയ ഡോക്യുമെന്ററി സിനിമകൾ

**പോയ്സൺ ഓൺ ദ പ്ലാറ്റർ**
(ജി.എം. പരീക്ഷണങ്ങൾക്കെതിരെ) 33 മിനിറ്റ്
സംവിധാനം : അജയ് കാഞ്ചൽ. നിർമ്മാണം : മഹേഷ് ഭട്ട്

**ഭൂമിയ്ക്കുവേണ്ടി അവസാനത്തെ ബലി**
(ചെങ്ങറ സമരം) 37 മിനിറ്റ്
സംവിധാനം : സി. ശരത്ചന്ദ്രൻ. നിർമ്മാണം : തേഡ് ഐ

**പുതിയ കാളിന്ദി പറയുന്നത്**
(ചക്കുംകണ്ടം മാലിന്യപ്രശ്നം)
സംവിധാനം : മുസ്തഫ ദേശമംഗലം

**ഡയസ്പോറ–ഗലേറിയ ഓഫ് വാണ്ടറേഴ്സ്**
(അതിരപ്പിള്ളിയിലെ ആദിവാസി കുടിയൊഴിപ്പിക്കലുകൾ) 25 മിനിറ്റ്
സംവിധാനം : അഡ്വ. ആർ.കെ. ആശ

വി.സി.ഡി./ഡി.വി.ഡി./കോപ്പികൾക്ക്

കേരളീയം
കൊക്കാലെ, തൃശൂർ - 21.
ഫോൺ : 9446576943, 0487 - 2421385